പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1259.     21/03/2013 -ൽ മറുപടിക്ക്

**ഇ-സ്റ്റാമ്പിംഗ് പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ. മുരളീധരൻ<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. കെ.ശിവദാസൻ നായർ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | എ) | ഇ- സ്റ്റാമ്പിംഗ് പദ്ധതിയിലൂടെ താഴെ ചേർത്തിരിക്കുന്ന കാര്യങ്ങൾ സാധ്യമാക്കാം:<br>1) വ്യാജ മുദ്രപ്പത്രങ്ങൾ തടയാൻ സാധിക്കും.<br>2) ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.<br>3) ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ സാധിക്കും |
| ബി) മുദ്രപ്പത്ര വിതരണത്തിലെ ക്രമക്കേടുകൾ തടയാൻ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ; | ബി) | 1) ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ, തിരിമറികൾക്ക് സാധ്യതയില്ല.<br>2) സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തിരം ആയതിനാൽ, തിരുത്തലുകൾക്ക് സാധ്യതയില്ല. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ? | സി) | കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) സാങ്കേതിക സഹായത്താൽ, രജിസ്ട്രേഷൻ, ട്രഷറി എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ.